**4.സഞ്ചരിക്കുന്ന അമ്മ; സേവനത്തിന്റെ ഒരു മകുടോദാഹരണം.**

തന്റെ ചാർച്ചക്കാരിയായ എലിസബേത്ത് 6 മാസം ഗർഭിണിയാണെന്ന് കേട്ട ഈ കന്യക ഉടൻതന്നെ തന്റെ ചാർച്ചക്കാരിയായ എലിസബേത്തിനെ കാണാനും ശുശ്രൂഷിക്കാനും വേണ്ടി നസ്രത്തിൽ നിന്നും 18 മൈൽ ദൂരമുള്ള യഹൂദാ മലനാട്ടിലേക്ക് ക്ലേശകരമായ യാത്ര ചെയ്ത് അവിടെ എത്തിചേർന്നു. ഗർഭിണിയായ എലിസബത്തിന്റെ പ്രസവകാലം വരെ (അതായത് 3 മാസം) ശുശ്രൂഷയിൽ ഏർപ്പെട്ടുകൊണ്ട് അവിടെ കഴിഞ്ഞു കൂടി. സേവനത്തിന്റെ ഏറ്റവും വലിയ ഒരു മാതൃക ലോകത്തിനു നൽകി. അതിനു ശേഷം നസ്രത്തിൽ വന്നു ചേർന്നു. തന്റെ പൂർവ്വപ്രവർത്തനത്തിൽ മുഴുകി. എന്നാൽ താൻ പരിശുദ്ധാത്മാവിനാൽ ഗർഭിണി ആയതിനാൽ അവൾക്കു ലോകാപവാദം വരാതിരിക്കാൻ തനിക്കു വിവാഹം നിശ്ചയിച്ചിരുന്നതായ പുരുഷനായ ദാവീദിന്റെ കുലത്തിലുള്ളവനായിരുന്ന ജോസഫ് ഈ കന്യകയെ ഗൂഢമായി ഉപേക്ഷിക്കുവാൻ തയ്യാറായി. ഈ കാര്യവും ഈ കന്യകയെ മാനസ്സീകമായി തളർത്തുന്ന വസ്തുതയല്ലെ?എന്നാൽ ദൈവീക വിശ്വാസത്തിൽ ഉറച്ചു നിന്ന ഈ കന്യക ഇതിനെ കാര്യമായി കരുതിയില്ല. തന്നെ വിളിച്ച് ദൈവിക ഉദ്ദേശത്തിനായി വേർതിരിച്ച യഹോവ വിശ്വസ്തൻ എന്നെണ്ണി. എന്ത് ലോകാപവാദവും സഹിക്കാൻ ദൈവീക കരുത്ത് സമ്പാദിക്കാൻ പ്രാർത്ഥനയിലും ഉപവാസത്തിലും മുഴുകി ജീവിച്ചു.

**5. വിവാഹം നിശ്ചയിച്ചിരുന്ന നീതിമാനായ ജോസഫിനുണ്ടായ വെളിപാട് ഭാര്യാ പരിഗ്രഹണവും**

നീതിമാനായ ജോസഫ് തനിക്കു വിവാഹം നിശ്ചയിക്കപ്പെട്ട ഈ കന്യകയെ ഉപേ-ക്ഷിക്കാൻ നിനച്ചിരിക്കുമ്പോൾ കർത്താവിന്റെ ദൂതൻ അവന് സ്വപ്നത്തിൽ പ്രത്യക്ഷനായി ദാവീദിന്റെ മകനായ ജോസഫേ, നിന്റെ ഭാര്യയായ മറിയയെ ചേർത്തു കൊള്ളാൻ ശങ്കിക്കേണ്ട, അവളിൽ ഉദ്പാദിതമായതു ദൈവത്തിന്റെ പരിശുദ്ധാത്മാവിനാൽ ആകുന്നു. അവൾ ഒരു മകനെ പ്രസവിക്കും, അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്ന് രക്ഷിപ്പാനിരിക്ക കൊണ്ട് അവന് നീ യേശു (ര-ക്ഷകൻ) എന്ന് പേരിടണം എന്ന് പറഞ്ഞു. (മത്തായി.1:20, 21)

ഇവിടെ യേശുവിന്റെ ഈ ലോകത്തിലെ ജനനോദ്ദേശം പൂർണ്ണമായി വ്യക്തപ്പെടുന്നു. ഒപ്പം യെശയ്യാ പ്രവചനം 8:14ാം ന്റെ പൂർത്തീകരണവും. നീതിമാനായ ജോസഫ് ദൂതന്റെ വാക്കുകൾ വിശ്വസിക്കുകയും തനിക്ക് വിവാഹം നിശ്ചയിച്ചിരുന്ന കന്യകയായ മറിയാമിനെ ഭാര്യയായി ചേർത്തുകൊള്ളുകയും ചെയ്തു. ദൈവീക വിശ്വാസവും മാനുഷിക വിശ്വാസവും തമ്മിലുള്ള ഒത്തു ചേരൽ ഇവിടെ ദർശ്ശിക്കാം.

**6. സ്ത്രീയുടെ വിജയത്തിന്റെ കാൽവയ്പ്**

കാലത്തികവിൽ പരിശുദ്ധമതാവായ കന്യക മറിയം സ്ത്രീ ജനത്തിന്റെ പ്രതീകമായ ഹവ്വായുടെ പരാജയത്തെ തകർത്തുകൊണ്ട് മനുഷ്യരാശിയുടെ പാപാന്ധകാരമായ കാർമേഘങ്ങളെ തുടച്ചു നീക്കുന്ന ചന്ദ്രപ്രഭയായിതീരുകയും ലോകര-ക്ഷിതാവായ യേശുവിന്റെ ജനനത്തിനുവേണ്ടി തങ്ങളെതന്നെ ദൈവത്തിന്റെ ഇഷ്ടത്തിനായി സമർപ്പിക്കുകയും ചെയ്തു. (ലൂക്ക:26,36).

**7. വീണ്ടും സഞ്ചരിക്കുന്ന ഈ അമ്മ; ലോകരക്ഷകന്റെ ജനനവും (ലൂക്ക:1,7)**

അക്കാലത്തു ലോകം ഒക്കെയും പേർവഴി ചാർത്തേണം (census in the Roman Emperor) എന്ന് ഔഗസ്തോസ് കൈസറുടെ ആജ്ഞ ഉണ്ടായി. ഈ ആജ്ഞ അനുസരിച്ച് ജോസഫും മറിയാമും ചാർത്തപ്പെടേണ്ടതിന് നസറത്തിൽ നിന്ന് 200 മൈൽ കൂടുതൽ ഉള്ള ബേത്‌ലഹേം എന്ന പട്ടണത്തിലേക്ക്

ക്ലേശകരമായ യാത്ര ചെയ്യുന്നു. ഈ മാതാവാകട്ടെ പൂർണ്ണഗർഭാവസ്ഥയിലും ഈ കുടുംബം റോമാ ഗവൺമെന്റിനോടുള്ള നിയമം സംബന്ധമായ നീതി പുലർത്തുന്ന മാതൃക കാട്ടുന്നു. (വാ. 2:5). നിയമം അനുസരിക്കുന്നതിനുള്ള പൗരന്മാരുടെ ശുഷ്ക്കാന്തി കുറഞ്ഞു വരുന്ന സ്ഥിതിക്ക് ഈ തിരുക്കുടുംബത്തിന്റെ ശുഷ്ക്കാന്തി ഒരു മാതൃകയല്ലെ?

ഈ തിരുകുടുംബം ബേത്‌ലഹേമിൽ ആയിരിക്കുമ്പോൾ മാതാവിന് പ്രസവത്തിന്റെ പീഡ അനുഭവമായി. ഈ അമ്മയ്ക്ക് പ്രസവിക്കാൻ പറ്റിയ ഒരു സ്ഥാനം കണ്ടെത്തുവാൻ ആ നീതിമാനായ ജോസഫ് ബേത്‌ലഹേമിലെ ഓരോ സത്രവും, ഭവനങ്ങളും കയറി ഇറങ്ങി, ലോകര-ക്ഷനു പിറക്കാൻ ഒരു തുണ്ട് സ്ഥലം പോലും അന്നത്തെ ബേത്‌ലഹേം നിവാസികൾ നൽകയില്ല. അവൻ സ്വന്തത്തിലേക്ക് വന്നു. എന്നാൽ സ്വന്തമായവരോ അവനെ കൈകൊണ്ടില്ല. എന്നാണ് തിരുവചനം രേഖപ്പെടുത്തിയിരിക്കുന്നത്. (യോഹ. 1:10,11), നിരാശനായിത്തീർന്ന ആ പിതാവിന് ഒരു പശുത്തൊട്ടിലിന്റെ ഭാഗം മാത്രമാണ് ആ മാതാവിനും, പിറന്നുവീണ ശിശുവിനും വേണ്ടി കണ്ടുപിടിക്കാൻ സാധിച്ചത്. ഈ അമ്മ യാതൊരു പരാതിയും ഉന്നയിക്കാതെ ജനിച്ച യേശു എന്ന ശിശുവിനെ ഒരു കീറ്റുശീലയിൽ കിടത്തി. (ലൂക്ക 2:6,7).

ഒരു സാധാരണ സ്ത്രീ ആയിരുന്നെങ്കിൽ തന്റെ ഭർത്താവായ ജോസഫിനെ എത്രമാത്രം കുറ്റപ്പെടുത്തുമായിരുന്നു. സഹനശക്തിയുടെയും, ക്ഷമയുടെയും മൂർത്തീരൂപമായിരുന്ന ഈ അമ്മ നമുക്കൊരു മാതൃകയല്ലെ? അങ്ങനെ ലോകരക്ഷകനായി മനുഷ്യവർഗ്ഗത്തിന്റെ പാപത്തിൽനിന്നും രക്ഷ നൽകാൻ സാക്ഷാൽ ദൈവപുത്രൻ; മാത്രമല്ല ആ സ്വർഗ്ഗീയ സമ്പന്നൻ ഒരു ദരിദ്രനെപ്പോലെ ഈ ഭൂമിയിൽ പിറന്നുവീണു.

യെശയ്യ പ്രവചനം 9:2,3, പറഞ്ഞിരിക്കുന്നു ഇരുട്ടിൽ നടന്ന ജനം വലിയൊരു വെളിച്ചം കണ്ടു, അന്ധതമസ്സുള്ള ദേശത്തു പാർത്തവരുടെമേൽ പ്രകാശം ശോഭിച്ചു. ഈ പ്രവചനം യേശുകർത്താവിന്റെ ജനനത്തോടെ നിവർത്തികരിക്കപ്പെട്ടു. വീണ്ടും യെശയ്യാ 9:6 മുതൽ 7 വരെ നാം ഇങ്ങനെ വായിക്കുന്നു, നമുക്കൊരു ശിശു ജനിച്ചിരിക്കുന്നു, നമുക്കൊരു മകൻ നൽകപ്പെട്ടിരിക്കുന്നു. ആധിപത്യം അവന്റെ തോളിൽ ഇരിക്കും. അവന് അത്ഭുത മന്ത്രി, വീരനാം ദൈവം, നിത്യ പിതാവ്, സമാധാനപ്രഭു എന്ന് പേർ വിളിക്കപ്പെടും. അവന്റെ ആധിപത്യത്തിന്റെ വർധനയ്ക്ക് അവസാനം ഉണ്ടാകുകയില്ല. ദാവീദിന്റെ സിംഹാസനത്തിലും അവന്റെ രാജത്വത്തിലും ഇന്നു മുതൽ എന്നന്നേയ്ക്കും അവൻ അതിനെ ന്യായത്തോടും നീതിയോടും കൂടെ സ്ഥാപിച്ചു നില നിർത്തും. ഈ പ്രവചനം ക്രിസ്തുവിന്റെ ഈ ഭൂമിയിലെ രണ്ടാം വരവിൽ വരാനിരിക്കുന്ന 1000 ആണ്ട് വാഴ്ചയിൽ നിറവേറും. ഈ മഹത്തായ അവസരത്തിനും തിരുപ്പിറവിക്കും കാരണഭൂതയായിത്തീർന്ന പരി. കന്യകാമറിയം എത്രയോ ഭാഗ്യവതിയാണ്. ഈ കന്യകാമാതാവിന്റെ; ദൈവപുത്രന്റെ ജനനത്തിനായി തന്നെതന്നെ സമർപ്പിച്ച വലിയ സമർപ്പണം ഈ അമ്മയെ എന്നന്നേയ്ക്കും ലോകത്തിന്റെ ആരാധ്യയാക്കിത്തീർത്തിരിക്കുന്നു.

**8. അമ്മയുടെ സ്നേഹപരമായ ശിക്ഷണവും യേശുവിന്റെ ബാല്യകാലവും:.**

യേശുവിന്റെ ബാല്യകാലത്തെപ്പറ്റി വേദപുസ്തകത്തിൽ വലിയ വെളിപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. എങ്കിലും ഒരു ബാലനു ലഭിക്കേണ്ട എല്ലാ ലാളനകളും യേശുകുഞ്ഞിനു ലഭിച്ചിരുന്നു എന്ന് ചരിത്ര പുസ്തകങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. ഈ അമ്മ ഒപ്പം തന്റെ മകനെ യഹൂദാ ന്യായപ്രമാണങ്ങളും, സങ്കീർത്തനങ്ങളും ഒ-ക്ക നല്ലവണ്ണം മനസ്സിലാക്കികൊടുത്തുകൊണ്ടും ദൈവാത്മാവിന്റെ നിറവിലും, ജ്ഞാനത്തിലും തന്റെ ഏകജാതനെ വളർത്തി. ഒരു മാതാവിൽ നിന്നുള്ള എല്ലാവിധ സംരക്ഷണവും യേശുവിന് നൽകി വളർത്തിയ ഈ മാതാവ് എത്രയോ ധന്യവതിയാണ്. ഇന്നത്തെ തലമുറയിൽ ഇതുപോലെ വളർത്തുന്ന സ്ത്രീകൾ, സമയം അതിനായി കണ്ടെത്തുന്നവർ എത്രയുണ്ട്. മക്കളെ ദൈവീക കാര്യങ്ങൾ പഠിപ്പിച്ച്, പ്രാർത്ഥനകളും, വേദപുസ്തക പരിജ്ഞാനവും തങ്ങളുടെ കുഞ്ഞുങ്ങൾക്ക് വേണ്ടവണ്ണം നൽകുന്നവർ എത്രയുണ്ട്. അതിന്റെ അഭാവത്തിന്റെ പരിണാമങ്ങളും ക്രിസ്തീയ കുടുംബങ്ങളിൽ നില നിൽക്കുന്നു എന്നത് എത്ര പരിതാപകരം. ഈ ധന്യവതിയായിരുന്ന അമ്മയെ മാതൃകയാക്കു, കുടുംബങ്ങളിലെ സങ്കീർണ്ണവും ജീർണ്ണിച്ചതുമായ അവസ്ഥ മാറുവാൻ സാധിക്കും.

**9. ഈ അമ്മയുടെ മൂന്നാമത്തെ സഞ്ചാരം.**

തന്റെ ഏകജാതനായ മകനെ ദുഷ്ടനായ ഹെറോദേസ് രാജാവിൽ നിന്നും രക്ഷിക്കാനായി ഈ അമ്മയും ഈ പിതാവായ ജോസഫും ദൈവ ഉപദേശപ്രകാരം മിസ്രയീമിലേക്കുള്ള ക്ലേശകരമായ യാത്ര നടത്തി. തുടർന്ന് ഹേറോദോസിന്റെ മരണശേഷം മിസ്രയിമിൽ നിന്നും വീണ്ടും യാത്ര ചെയ്ത് നസ്രത്തിൽ പാർപ്പാനായിട്ടും യാത്ര ചെയ്തു. വി. മത്തായി 2:13 ഒപ്പം യിരെമ്യാ പ്രവചനത്തിലെ ഒരു സംഗതിയും ഇവിടെ രൂപീകരിക്കപ്പെട്ടു.

**10. യേശുവിന്റെ പരിഛേദന കർമ്മത്തിനായി യെരുശലേം ദേവാലയത്തിലേ-ക്കുള്ള സഞ്ചാരം.**

ഈ അമ്മയും പിതാവും യഹൂദാ ന്യായപ്രമാണപ്രകാരം മകന്റെ പരിഛേദനകർമ്മത്തിനായി (മാമോദീസ) യരുശലേം ദേവാലയത്തിൽ എത്തിയപ്പോൾ അവിടെ വൃദ്ധനായ ശീമോന്റെ പ്രവചനത്തിൽകൂടി തന്റെ മകന്റെ ഭാവിയിൽ ഉണ്ടാകുവാനുള്ള പീഢാനുഭവത്തിന്റെ മുൻകൂട്ടിയുള്ള സൂചന ലഭിക്കുന്നു. നിന്റെ സ്വന്ത}പ്രാണനിൽ കൂടിയും ഒരു വാൾ കടക്കും എന്ന മേൽപ്പറഞ്ഞ പ്രവചനത്തിൽ ഒട്ടും പതറാതെ എല്ലാം ഹൃദയത്തിൽ സംഗ്രഹിച്ചു കൊണ്ട് ഏറ്റവും ധൈര്യവതിയായി ഈ അമ്മ കാണപ്പെട്ടു. (ലൂക്കോ. 2:35)

**11. യേശുവിന്റെ പന്ത്രണ്ടാം വയസ്സിൽ യെരുശലേമിലേക്കുള്ള യാത്ര, പെസഹാപ്പെരുന്നാൾ ദിവസം ഒപ്പം മകനെ കൈവിടലും വീണ്ടും കണ്ടെത്തലും.**

ഈ അമ്മയും, പിതാവായ ജോസഫും, യേശുകുഞ്ഞും ചാർച്ചക്കാരുമായി യഹൂദാ നിയമ പ്രകാരം പെസഹാപ്പെരുന്നാൾ ആചരിക്കാനായി നസ്രത്തിൽ നിന്ന് യാത്രയായി. യേശുവിനാകട്ടെ 12 വയസ്സു പ്രായവും. എന്നാൽ മടക്ക യാത്രയിൽ യേശു ദേവാലയത്തിൽ തന്നെ തങ്ങുകയും മാത്രമല്ല ദേവാലയത്തിൽ ശാസ്ത്രിമാരുമായി തിരുവചന തർക്കങ്ങളിൽ ഏർപ്പെടുകയും ചെയ്യുന്നു. ഒരു വഴി ദൂരം പിന്നിട്ട ശേഷം മാത്രമാണ് മാതാപിതാക്കൾക്ക് യേശു ദേവാലയത്തിൽ കൈവിട്ടുപോയി എന്നു ഗ്രഹിക്കാൻ കഴിഞ്ഞത്. വീണ്ടും തിരിച്ച് പോയി ദേവാലയത്തിൽ മേൽപ്പറഞ്ഞ പ്രകാരം മകനെ കണ്ടു മുട്ടുന്നു. മകൻ ശാസ്ത്രിമാരുമായി തിരുവചന വ്യാഖ്യാനം |നടത്തുകയാണ്. എന്നാൽ മകനോട് കോപിക്കുകയോ, പരിഭവിക്കുകയോ ചെയ്യാതെ തങ്ങളുടെ ഭവനത്തിലേക്ക് കൂട്ടികൊണ്ട് പോയി ഇതെല്ലാം ദൈവ നടത്തിപ്പെന്ന് മാതാവ് വിശ്വസിക്കുകയും ചെയ്തു. (ലൂക്കോ. 2: 41, 50) ഒരു സാധാരണ സ്ത്രീ ആണെങ്കിൽ മകനെതിരെ പൊട്ടിത്തെറിക്കുകയും രോഷം മൂലം 2 അടിയും ഒപ്പം വച്ചു കൊടുക്കും. സാധാരണയായി അങ്ങനെയല്ലെ?

**12. വലിയ മദ്ധ്യസ്ഥതഅണയ്ക്കൽ.**

ഈ അമ്മയും യേശുവും തങ്ങളുടെ കാനാവിലെ

ബന്ധുവസതിയിൽ വിവാഹ വിരുന്നിൽ സംബന്ധിക്കുവാൻ എത്തിച്ചേരുന്നു. ഈ അമ്മ ആ ഭവനത്തിന്റെ അഭാവം തിരിച്ചറിയുന്നു. കാരണം വിവാഹ വീട്ടിലെ വീഞ്ഞ് വിരുന്ന് തീർന്ന് പോകുന്നു. ആ ഭവനത്തിന് അത് ആക്ഷേപാർഹമാണ്. ദൈവപുത്രനായ യേശുവിനോട് പറഞ്ഞു, പരിഹാരം തേടുന്ന ഒരമ്മയായി ഈ മാതാവ് കാണപ്പെടുന്നു. അതായത് മകന്റെ മുൻപിൽ മദ്ധ്യസ്ഥത അണയ്ക്കുന്ന മാതൃക, (കാരണം, യേശുവിന്റെ ബാല്യത്തിൽ ചെയ്തിട്ടുള്ള അത്ഭുത പ്രവർത്തികൾ ഈ അമ്മ കേട്ടറിഞ്ഞിഞ്ഞുണ്ട്. മകന്റെ നിഷേധ വാക്കും, ഈ അമ്മ മകന്റെമേൽ അധികാരമോ അടിച്ചേൽപ്പിക്കലോ നടത്താതെ തന്നെ മകനോട് ഒരു പ്രത്യുത്തരവും കൂടാതെ മകൻ പറയുന്നതനുസരിക്കാൻ ആ ഭവനത്തിലെ വേലക്കാരെ ഈ അമ്മ സന്നദ്ധരാക്കി മാറ്റി. (യോഹ. 2:1 മുതൽ 5) വരെ. ഈ അമ്മയ്ക്ക് നല്ലവണ്ണം അറിയാം മനുഷ്യന്റെ പരിമിതികളെ അറിയുന്ന ദൈവ പുത്രനാണ് എന്റെ മകൻ യേശു എന്ന്. മകന്റെ അനേക അതിശയ പ്രവർത്തികൾ ഈ മാതാവ് മകന്റെ ബാല്യകാല കൂട്ടുകാരിൽ നിന്നും കേട്ടറിഞ്ഞിട്ടുണ്ട്. (റെഫ. മശിഹായുടെ മാതാവ്, അഥവാ കന്യകാ മറിയം തിരുവചന വെളിച്ചത്തിൽ ഇത്യാദി ഗ്രന്ഥം) അതുകൊണ്ടത്രേ ഈ മാതാവ് മകനോട് ആ ഭവനത്തിനു വേണ്ടി മദ്ധ്യസ്ഥത ചെയ്തത്. ആ വലിയ മദ്ധ്യസ്ഥത സഫലീകരിക്കപ്പെടുകയും ചെയ്തു. ഇന്നും ഈ പരിശുദ്ധ കന്യകയായ മാതാവിൽ അഭയം തേടുന്നവർക്ക് അനുഗ്രഹങ്ങൾ ദൈവത്തിൽ നിന്നും ലഭിച്ചു കൊണ്ടിരിക്കുന്നതിനാൽ ഈ മാതാവ് ദു:ഖിതർക്ക് വലിയ ആലംബമായി നില കൊണ്ടിരിക്കുന്നു. തന്മൂലം കോടാനുകോടി ¬ഭക്തർക്ക് ഈ അമ്മ ഇന്ന് ആരാധ്യയാണ്.



**13. മകന്റെ പീഡാനുഭവത്തിലെ പങ്കാളിയും, ഭാവിയെപ്പറ്റിയുള്ള ചിന്താമഗ്നയും.**

നിന്റെ സ്വന്തപ്രാണനിൽകൂടിയും ഒരു വാൾ കടക്കും, എന്ന് വൃദ്ധനും, പരിശുദ്ധാത്മാവ് നിറഞ്ഞവനുമായ യെരുശലേം ദേവാലയത്തിലെ ശീമോന്റെ പ്രവചന പ്രകാരം മകന്റെ പീഢാനുഭവമാകുന്ന വാൾ സ്വന്തഹൃദയത്തെകീറിമുറിക്കപ്പെട്ട അമ്മ. ക്രൂശുമായി മകന്റെ കാൽവരിയിലേക്കുള്ള നീണ്ട യാത്രയിൽ മകനെ അനുധാവനം ചെയ്തു. വ്യസനവും സങ്കടവും നിറഞ്ഞവളായ ഈ അമ്മ ഹൃദയം തകർന്നവളായി മകന്റെ ക്രൂശിൻ ചുവട്ടിൽ സ്വന്തം ഭാവിയെയും , മകന്റെ വേർപാടിനെയും ഓർത്ത് ദു:ഖാർത്തയായി നിലകൊള്ളുമ്പോൾ ക്രൂശിൽ പ്രാണവേദനകൊണ്ട് പിടയുന്ന മകൻ ഈ അമ്മയുടെ സംരക്ഷണ ചുമതല സ്വന്തം ശിഷ്യനെ ഏൽപ്പിച്ചത് അപ്പാട് സ്വീകരിക്കുന്നു.

"യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നിൽക്കുന്നത് കണ്ടിട്ട് അമ്മയോട്, അമ്മേ, ഇതാ നിന്റെ മകൻ, പിന്നെ ശിഷ്യനോട്, ഇതാ നിന്റെ അമ്മ എന്നും പറഞ്ഞു". (യോഹ. 19:25,27). എല്ലാം മനസ്സിലായ ശിഷ്യൻ ഈ അമ്മയെ തന്റെ ഭവനത്തിൽ കൈകൊണ്ടു.

താൻ പ്രസവിച്ചിട്ടില്ലാത്ത ഒരുവനെ മകനായി കാണാനും, ആ മകന്റെ സംരക്ഷണയിൽ ശേഷിച്ച കാലം കഴിഞ്ഞു കൂടാനും ഈ അമ്മ സന്നദ്ധയായിത്തീർന്നു. കാരണം ഭർത്താവായ ജോസഫ് യേശുവിന്റെ ക്രൂശുമരണത്തിന് വളരെ മുന്നെ തന്നെ മൃത്യുവിന് ഇടയായിത്തീർന്നിരിക്കണം. ഇന്നത്തെ മക്കൾ വാർദ്ധക്യമായ അപ്പനേയും, അമ്മയേയും ജീവിതഭാരമായി കണ്ട് വൃദ്ധസദനങ്ങളിലും അനാഥാലയങ്ങളിലും തള്ളിവിടുന്ന പ്രവണതയ്ക്ക് ഒരു തിരിച്ചടിയല്ലേ യേശുവിന്റെ മാതൃക?. ഈ മാതൃക പുതിയ തലമുറകൾ സ്വീകരിക്കുമോ?

ഈ അമ്മയുടെ ഗുണവിശേഷങ്ങൾ സ്വീകരിച്ചവരായ അനേകം മഹാന്മാരും, മഹതികളും, മനുഷ്യരാശിയിലൂടെ നന്മയ്ക്കും ആതുരസേവനത്തിനുമായി തങ്ങളുടെ ജീവിതത്തെ മാറ്റിവച്ചിട്ടുണ്ട്. നമ്മുടെ ഭാരതത്തിൽ മദർ തെരേസ ഒരു ഉദാഹരണം മാത്രമാണ്. മനുഷ്യരാശിയുടെ പാപോദ്ധാരണത്തിന് ദൈവയിഷ്ടത്തിനും, സേവന തത്പരതയ്ക്കും, വിനയം, താഴ്മ ഇവയ്ക്കുമായി തന്നെതന്നെ സമർപ്പിച്ച രണ്ടാം ഹവ്വായാകുന്ന ഈ അമ്മയുടെ നാമത്തിൽ ലോകത്തിൽ ഏറ്റവും കൂടുതൽ ദേവാലയങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. ലോകത്തിലെ കോടാനുകോടി അക്രൈസ്തവർ പോലും തങ്ങളുടെ കഷ്ട നിവാരണത്തിനും രോഗശാന്തിയ്ക്കുമായി ഈ അമ്മയുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപി¬ക്കുന്നുണ്ട്. എന്നാൽ ഈ അമ്മയുടെ മഹത്വത്തെ നിരസിക്കുന്നവരും ചുരുക്കമല്ല. അവർ ഇങ്ങനെ ദുഷിക്കുമ്പോൾ അത് സ്വന്തം മാതാവിനെ ദുഷിച്ച് തള്ളുന്നതിന്റെ പ്രതീകമാണ് എന്ന് ധരിക്കണം.

ഈ അമ്മയിൽകൂടി മാത്രമാണ് അടിസ്ഥാനപരമായി നാം യേശുവിനെ അറിയുന്നത് എന്ന് മനസ്സിലാക്കണം. ഇത്രമാത്രം ഗുണവിശേഷങ്ങൾ ഉൾകൊള്ളുന്ന ഈ അമ്മയെ ഒരു ഉന്നത നിലവാരം പുലർത്തുന്ന ഒരു സർവ്വകലാശാലയായി ഉപമിക്കന്നതിലും തെറ്റില്ല. ഈ അമ്മയിൽ നമുക്കും അഭയം തേടി യേശുവിനോളം എത്തിച്ചേരാൻ ഇടയാകട്ടെ എന്ന് പ്രത്യാശിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്യുന്നു. വായിക്കുന്ന സ്ത്രീജനമേ, ഈ കന്യകാമറിയാം അമ്മ നിങ്ങൾക്ക് മാതൃകയാകട്ടെ, എന്തുകൊണ്ടെന്നാൽ ഈ അമ്മ സ്ത്രീ ജനത്തിന്റെ ഏദനിലെ പരാജയത്തെ തകർത്ത് തിളങ്ങുന്ന ചന്ദ്രപ്രഭയായി നിലകൊള്ളുന്നു.

ഈ അമ്മയുടെ ശരീരം ഈ മണ്ണിൽ വിലയം പ്രാപിച്ചില്ല. സ്വന്ത പുത്രനായ മകൻ യേശു കർത്താവ് ആത്മശരീരം ഉടലോടെ സ്വർഗ്ഗത്തിലെ മാലാഖമാരുടെ അകമ്പടിയോടെ സ്വർഗ്ഗത്തിലേക്ക് സ്വീകരിച്ചുകൊണ്ട് പോയി. ഇന്നും സ്വർഗ്ഗത്തിൽ മാലാഖമാരുടെ രാജ്ഞിയായി നിലകൊള്ളുകയും ചെയ്യുന്നു എന്നാണ് പിതാക്കന്മാർ പഠിപ്പിച്ചിരിക്കുന്നതും, വിശ്വസിക്കുന്നതും. ഈ അമ്മയിൽ അഭയം പ്രാപിച്ചുകൊണ്ട് ഹൃദയരോഗത്തിൽ നിന്നും ഞാനും വിടുതൽ നേടി ഈ ലേഖനം എഴുതാൻ പ്രേരകദായകമാകുകയും ചെയ്തിരിക്കുന്നു. ഈ അമ്മയെപ്പോലെ വളരാൻ നമുക്കും ശ്രമിക്കാം. ആയതിന് ദൈവത്തിന്റെ പരിശുദ്ധാത്മാവ് ഏവർക്കും സംഗതിയാക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് ഈ ലേഖനം ഇവിടെ വരെ.




# *Bible Study:* TIMOTHY: AN IDEAL MODEL OF FAITH FORMATION IN THE PRESENT CONTEXT.

**Fr. Reji K. Geevarghese**
(Prof. Orthodox Theological Seminary, Kottayam)

***"But as for you, continue in what you have learned and firmly believed, knowing from whom you learned it, and how from childhood you have known the scared writings that are able to instruct you for salvation through faith in Christ Jesus". 2 Timothy 3: 14-15***

Christian parenting refers to that high responsibility from the part of parents in nurturing their children with special attention to their spiritual growth. As this parish is celebrating the sathabdhi of this origin, let us look at the above passage in order to get some insights thtat will throw light on the spiritual nourishment of our new generation. The above verse in an instruction given by Paul to one of his beloved companions who got good Christian parental care in his childhood. Paul's exhortation to timothy appears in a passage where the Apostle speaks about the change the dangers of some, whose bad nature would spoil the Church. However Paul from his own personal experience with Timothy had a different opinion abut Timothy. This is clearly indicated by the contrasting particle 'but' at the very beginning of this sentence.

**1. Family as the back born of Faith Formation.**

Paul reminds Timothy, "But as for you, continues in what you have learned and firmly belived, knowing from whom you learned it".

The above is a very remarkable comment about Timothy. Who is Timothy? He is a convert. He was born to parents of a mixed marriage. His mother was Jewess and father was a Greek (cf. Acts16:1-3). Timothy was a son born of an inter cast marriage in all probability. He had very pious and hopeful upbringing under the special care of his mother (Eunice) and his grandmother, Lois. He was instructed by them giving hope for the Messiah (2 Tim1:5, 3:15). Paul circumcised him and Timothy was set apart as an evangelist by the laying on of hands (1 Tim 4:14, 2 Tim 4:5)

Timothy joined the company of Paul when the Apostle came to Lystra during his missionary journey. On many occasions Paul sent him to different churches to Macadonia (Acts 19:22), to Corinth (1 Cor 4:17) to Philippi ( Pup 2:19,23) to Thessalonia ( I Thesa 3:2,6) to Ephesus (1 Tim 1:3) etc. Paul Speaks Positively about him on many occasions (1 Cor. 4:17, 16:10) apart from his good comments in this Pastoral epistle (2 Tim 1:5, 3:15).

Paul brings two things to Timothy's attention. First, is an exhortation to keep what he has learned and firmly believed and practiced in life. Second, is a strong reminder about the source of his faith and practice. Paul says, "Now you have observed my teaching, my conduct, my aim in life, my faith, my patience, my love, my steadfastness, my persecutions and suffering the things that happened to me in Antioch, Iconium, and Lystra". The Apostle is just recalling all the hardships he endured during his missionary endeavors of which. Timothy was also a partner (cf. Acts 13-14, 16:1). Paul views the trails, tribulations and afflictions as part of godly *(Greek –eusebeia)* life (2Tim 3:12). It is significant that

Timothy also shared these pains with Paul in their missionary work. Paul just instructs Timothy to hold fast to what his companion in mission has already learned from his mother and grandmother right from his childhood itself. The mother and grand mother instilled faith in Timothy and it developed to its peak in his growth and bore fruits as he devoted his entire life for the spread of the gospel along with Paul. Paul's word of appraisal on his faith is remarkable. The spiritual initiation one gets at home is only a first installment of his/her faith which is reflected throughout one's life. If the faith foundation is strong one can with stand all odd life situations which challenge one's faith in many respects. If it is superfluous the faith will be lost in the test of time. Thus, Paul's instruction points to the pivotal and vital role that the family plays in the faith formation of our children. Paul reminds Timothy about the sources from which he had been instructed. Timothy's mother and grandmother played decisive roles in molding him in Christian atmosphere although they were staying too far from Israelite Families. Many a time parents blame others for not instructing their children how to walk according to religious directives. At the same time they conveniently find excuses for not taking the initiative to impart the Christian message to the new generations. Timothy's case is different. He led a meaningful life honoring his name which means, "venerating God". Studies have shown that an Indian youth spends around three hours a day interacting with media like TV, cell-phones, iPods, internet, video games and so forth. Mostly the parents in the Diaspora are working class people and they hardly get time to look after the interest their kids. The absence of elders like the grandma and grandpa in the family further aggravate the situation. They have the first flat culture which creates lots of mental problems for them. The upbringing in the nuclear family pushes them to depend heavily on media and friends for their development. Consequently they expect such visual impacts from the liturgy they attend and complain that the orthodox worship is monotonous and full of repetitions.

**2. The Scripture as the Foundation for Faith –leading to salvation**

The second thing Paul wants his companion to be instructed in is reflected in these word, "how from childhood you have known the sacred writings that are able to instruct you for salvation through faith in Christ Jesus." By the time Paul wrote the letters to Timothy (probably 80s or 90s AD), Jesus teaching (the teachings of Jesus in the rudimentary from, (cf 1 Tim 5:18), attained a parental authority. For a Jewish boy it is mandatory to undergo religious instruction. His mother being a Jewess, Timothy must have received regular religious mending. In this the scripture occupies an important role. The guideline to wisdom and wholeness is recognized as Scripture. Timothy would be a third generation Christian whose religious faith is centered not only on Jewish scripture but on the interpretation of scripture. Timothy was a young man when gospel reached Lystra. For a Jewish boy the three divisions of the scriptures- the Torah, the Prophets and the writings provided the curriculum. To this comes his faith in Christ. The interpretation of the scripture provided a way to see that in Christ the promises of old have come to its fulfillment. Paul accentuates the potential of the scripture in shaping the spiritual life of Timothy. He also stresses the importance of learning the scripture at attender age.

The Apostle clearly states the purpose of scripture in faith formation i.e. leading one to salvation through faith in Christ. This is a very remarkable observation to which our eyes must be turned. Reading the Bible must be a habit for a believer. There are two source which can instruct a believer how to conduct his/her life, the Holy Bible and the teachings of the church, which are shaped in line with what is revealed in the scripture. From what Paul instructs to Timothy we get the impression that one of the prime responsibilities from the part of parents is introducing the Bible to the Bible to the children. As Paul asserts, all scripture are divinely ordered and the Holy Spirit prepares the way for it's receptively.

The great fathers of the Church were all well –versed in the scripture. One living example to demonstrate how the scripture forms foundation for strong religious life at a tender age in our generation is Sabharatnam H.G. Dr. Gee Varghese Mar Osthathios. His Grace completed the reading of the entire Bible before he completed his schooling. This laid the foundation for His Grace's spontaneous recollection of the Biblical Verse to meet with the needs of every situation. Nowadays children are more inclined to watch TV, Playing with computer, using mobile phones, etc. than in the learning of scripture or the teaching of the church. A utilitarian attitude has taken complete control in the life philosophy of our generation. Every aspect of life is viewed with its potential material benefits. Expecting more returns than one's responsibility to contribute to other's growth has become the order of life.

We live in an age where everyone wants to become professionals by undergoing rigorus training under Human Resource Development Programmers. The faith dimension gets less importance here. As a result of this the society moves into a direction of secularism which in turn creates lot of problems in the society. One of the most drastic consequences of all these is that there is no room for morals and values. In order to lead the society in the right direction by discerning what is good and what is evil, one should have good morals. This can be imparted to one the formative ages.

There are two source by which Timothy got instructions as far as his faith formation is concerned his family and the scripture. Taking the present context, where joint family is disappearing and new teachings about faith are rampant, Timothy is an ideal model of true Christian life and witness as to how one can grow to become a witness of Christ. Our new generation can emulate this ennobling model. As the scripture undoubtedly asserts, children are a great blessing (Psalm 127:3) if they are reared in true faith and practice.



# മാലാഖ മനുഷ്യനെ വന്ദിക്കുന്നു.

എം. റ്റി തോമസ്, പാറ്റ്ന

ചരിത്രത്തിൽ മാലാഖമാർ മനുഷ്യർക്ക് പലപ്പോഴും പ്രത്യക്ഷപ്പെട്ടിട്ടുണ്ട്, സന്ദേശങ്ങൾ കൊടുത്തിട്ടുണ്ട്. വിശുദ്ധ വേദപുസ്തകത്തിലും അതിനെക്കുറിച്ച് പരാമർശിച്ചിട്ടുണ്ട്. സാധാരണയായി മനുഷ്യർക്കു മുമ്പിൽ മാലാഖമാർ പ്രത്യക്ഷപ്പെടുമ്പോഴെല്ലാം മനുഷ്യൻ മാലാഖയെ വന്ദിക്കുന്നു. എന്നാൽ ഒരിടത്തു മാത്രം പ്രത്യക്ഷപ്പെടുമ്പോൾ മാലാഖ തിരികെ വന്ദനം ചൊല്ലുന്നു. അതെന്തുകൊണ്ടായിരിക്കാം? വിശ്വാസികളുടെ പിതാവായ അബ്രാഹാമിന് മുമ്പിൽ മാലാഖ പ്രത്യക്ഷപ്പെടുമ്പോൾ, അബ്രഹാം നിലംപറ്റെ താണുവീണ് മാലാഖയെ നമസ്ക്കരിക്കുന്നു.

ശമുവേൽ പ്രവാചകന്റെ അമ്മയായ ഹന്നായിക്ക് പ്രത്യക്ഷപ്പെട്ടപ്പോൾ അവരും മാലാഖയോടു വലിയ ബഹുമാനം കാണിക്കുന്നു. ജോഷ്വാ പ്രവാചകന്റെ പുസ്തകത്തിൽ ജോഷ്വാ മാലാഖയെ കണ്ടപ്പോൾ ഭയന്ന് വിറച്ച് മാലാഖയെ ബഹുമാനിക്കുന്നു. യേശുവിന്റെ ഏറ്റവും പ്രിയ ശിഷ്യനായ വി. യോഹന്നാൻ പത്മോസ് ദ്വീപിൽ വച്ച് ഒരു മാലാഖയെ കണ്ട് ഭയന്ന് വറച്ച് കാൽക്കൽ കമിഴ്ന്നു വീണ് നമസ്ക്കരിച്ചു. അപ്പോൾ മാലാഖ പറയുന്നു ദൈവത്തെ നമസ്ക്കരിക്ക. ഞാൻ നിന്റെയും ഈ പുസ്തകത്തിലെ വചനം പ്രമാണിക്കുന്നവരുടെയും സഹഭൃത്യനത്രേ.

വി. സെഖരിയാ പുരോഹിതന് ബലിപീഠത്തിൽവച്ച് മാലാഖ പ്രത്യക്ഷപ്പെട്ടു. മാലാഖയുടെ വാക്കുകൾ അവിശ്വസിച്ചതു മൂലം കുറെനാൾ ഊമനായി കഴിയേണ്ടി വന്നു. ഇതിൽ നിന്നെല്ലാം വളരെ വ്യത്യസ്തമാണ് കന്യകാമാതാവിന്റെ മുന്നിൽ മാലാഖ പ്രത്യപ്പെടുന്നത്. ഇവിടെ മാലാഖ മനുഷ്യനെ വന്ദിക്കുന്നു. എന്തുകൊണ്ടാണ് ബാക്കി എല്ലാ സ്ഥലത്തും മനുഷ്യർ മാലാഖമാരെ ബഹുമാനിച്ചത്.

ചെറിയവർ, വലിയവരെ ബഹുമാനിക്കുന്നു. മനുഷ്യർ മാലാഖമാരെക്കാൾ വളരെ താഴെ ആണ്. മാലാഖമാർക്ക് വലിയ അളവിൽ വിശുദ്ധിയുടെ നിറവുണ്ട്. എന്നാൽ പരിശുദ്ധ കന്യകാമറിയാമിന് മുമ്പിൽ മാലാഖ മനുഷ്യനെ ബഹുമാനിക്കുന്നു. കാരണം തന്റെ മുമ്പിൽ നിൽക്കുന്ന ഈ കന്യക വിശുദ്ധിയിൽ തന്നെക്കാൾ വളരെ ഉയരങ്ങളിലാണെന്ന് ഗബ്രിയേൽ മാലാഖ മനസ്സിലാക്കി.

കന്യകമാർ അവളെക്കണ്ട് ഭാഗ്യവതി എന്ന് വാഴ്ത്തും. രാജ്ഞികളും, വെപ്പാട്ടികളും കൂടെ അവളെ പുകഴ്ത്തും. അരുണോദയം പോലെ ശോഭയും ചന്ദ്രനെപ്പോലെ സൗന്ദര്യവും സൂര്യനെപ്പോലെ നിർമ്മലതയും കൊടികളോട് കൂടിയ സൈന്യം പോലെ ഭയങ്കരത്വം ഉള്ളോളിവൾ ആര്? പരിശുദ്ധ കന്യകാമറിയാമിന്റെ വിശുദ്ധിയെയാണ് ഈ വചന ഭാഗം വിവരിക്കുന്നത്. (ഉത്തമഗീതം 6:9,10) അതിനാൽ തന്നെ ചെറിയവനായ ഗബ്രിയേൽ മാലാഖ വിശുദ്ധി നിറഞ്ഞ കന്യകാ മറിയാമിനെ ബഹുമാനിക്കുന്നു.



മാലാഖമാർക്ക് മനുഷ്യരെക്കാൾ വളരെയേറെ പ്രകാശം ഉണ്ട്. അവന്റെ സൈന്യങ്ങൾക്ക് സംഖ്യയുണ്ടോ? അവന്റെ പ്രകാശം ആർക്ക് ഉദിക്കാതെയിരിക്കുന്നു. (ഇയ്യോബ് 25:3). അതായത് ദൈവദൂതൻമാരുടെ എണ്ണം അസംഖ്യമാണ്. അവരിൽ എല്ലാം ദൈവത്തിന്റെ പ്രകാശം ഉണ്ട്. അതുകൊണ്ട് ഒരു മാലാഖ പ്രത്യക്ഷപ്പെടുമ്പോൾ മനുഷ്യൻ മാലാഖയുടെ മുന്നിൽ ഭയന്നു വിറയ്ക്കുന്നു. കർത്താവിന്റെ മരണശേഷം ശബത്ത് കഴിഞ്ഞ് (ഞായറാഴ്ച) ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം വെളുക്കുമ്പോൾ മഗ്ദലനക്കാരി മറിയയും, മറ്റെ മറിയയും കൂടി കല്ലറ കാണുവാൻ ചെന്നു പെട്ടെന്ന് വലിയൊരു ഭൂകമ്പം ഉണ്ടായി. കർത്താവിന്റെ ദൂതൻ കല്ല് തട്ടിമാറ്റി, അതിന്റെ മേൽ ഇരുന്നു. അവന്റെ രൂപം മിന്നൽപിണർ പോലെ പ്രകാശിച്ചു. അവനെ കണ്ടവർ ഭയന്നു വിറച്ചു. മരിച്ചവരെപ്പോലെ ആയിത്തീർന്നു. ദൂതന്റെ പ്രകാശം മിന്നൽപ്പിണർപോലെ ആയിരുന്നു.

മാലാഖയ്ക്കുള്ള മിന്നലിന്റെ പ്രകാശത്തെക്കാൾ വലിയ പ്രകാശം പ: കന്യകയിൽ കണ്ടതുകൊണ്ടാണ് മാലാഖ അവളുടെ മുന്നിൽ കൂപ്പുകൈകളോടെ നിന്ന് കൃപ ലഭിച്ചവളെ നിനക്ക് വന്ദനം എന്ന് പറയുന്നത്. വെളിപ്പാട് പുസ്തകം 12ാം അദ്ധ്യായത്തിൽ ഇങ്ങനെ വായിക്കുന്നു, സൂര്യനെ അണിഞ്ഞൊരു സ്ത്രീ, അവളുടെ കാൽകീഴിൽ ചന്ദ്രനും, അവളുടെ തലയിൽ 12 നക്ഷത്രം കൊണ്ടുള്ള കിരീടവും ഉണ്ടായിരുന്നു. (വെളിപ്പാട്. 12:1)

ആകാശത്ത് നാം കാണുന്ന മിക്ക നക്ഷത്രങ്ങളും സൂര്യനെക്കാൾ വലിപ്പമുള്ളവയാണ്. പരി. അമ്മയുടെ ശിരസിൽ 12 നക്ഷത്രം, വസ്ത്രം, സൂര്യൻ,പാദപീഠം. ചന്ദ്രൻ, അതിന്റെ അർത്ഥം ശിരസിലും, ശരീരത്തിലും, പാദത്തിലും പ്രകാശം. ആകമാനം പ്രകാശം പൂണ്ടരിക്കുന്ന ഒരു സ്ത്രീയുടെ മുമ്പിൽ മിന്നൽ പിണർ മാത്രമായ മാലാഖ കൈയ് കൂപ്പി വന്ദനം പറയുന്നു.

അപ്പോസ്തലനായ യോഹന്നാൻ കൃപലഭിച്ചവനെങ്കിലും യോഹന്നാന്റെ മുന്നിൽ മാലാഖ കൈകൂപ്പുന്നില്ല. എന്നാൽ പരിശുദ്ധകന്യകമറിയാമിന്റ മുന്നിൽ മാലാഖ കൈകൂപ്പികൊണ്ട് പറയുന്നു, കൃപ ലഭിച്ചവളെ നിനക്ക് വന്ദനം.

മാലാഖ മനസ്സിലാക്കുന്നു, തന്റെ മുമ്പിൽ നിൽക്കുന്ന ഈ കന്യക വിശുദ്ധിയിൽ സകല വിശുദ്ധന്മാർക്കും മുകളിൽ തന്നെ. അതുകൊണ്ട് പരി. സുറിയാനി ഓർത്തഡോക്സ് സഭ കന്യകാ മറിയാമിന് ദൈവമാതാവെന്ന് നാമകരണം ചെയ്തു. ദൈവമാതാവിന്റെ വാങ്ങിപ്പിൻ പെരുന്നാളും, ജനനപ്പെരുന്നാളും കൊണ്ടാടുന്നു. സുറിയാനി സഭയുടെ തൂയോബോ ശുശ്രൂഷയിൽ സകല വിശുദ്ധന്മാരെയും ഓർക്കുമ്പോൾ ദൈവമാതാവായ പരി. കന്യകാ മാതാവിനേയും ഓർക്കുന്നു. പട്ടക്കാരൻ വി. കുർബ്ബാന അർപ്പിച്ചശേഷം, വി. ത്രോണോസിൽ മുമ്പിൽ മുട്ടുകുത്തി പ്രാർത്ഥിക്കുമ്പോൾ, ദൈവമാതാവിനെ ഓർത്ത് പ്രാർത്ഥിക്കുന്നു. ഇപ്രകാരം പറയുന്നു. ഇന്ന് ഞങ്ങൾ അർപ്പിച്ചിരിക്കുന്ന ഈ വി. കുർബ്ബാനമൂലം തന്റെ ജനനിയ്ക്ക് ആശ്വാസവും നല്ല ഓർമ്മയും (സ്മരണയും) ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു. അതിനുശേഷം അനുജന്മാരായ പുരോഹിതന്മാർ ജേഷ്ഠമഹാപുരോഹിതനായ യേശുക്രിസ്തുവിനോട് യാത്ര ചോദിക്കുന്നു. ഇവിടെ പരി. ദൈവമാതാവിന്റെ വിശുദ്ധി അത്രകണ്ട് മഹനീയം തന്നെ. "ഭൂമിയിലെ സകല വംശങ്ങളിൽ നിന്ന് ഭാഗ്യങ്ങൾക്ക് യോഗ്യതയുള്ളവളും, വിശുദ്ധിയുള്ളവളും, മഹത്വമുള്ളവളും, അനുഗ്രഹിക്കപ്പെട്ടവളും നിത്യകന്യകയും, ഭാഗ്യവതിയുമായ ദൈവമാതാവായ മറിയാമിനെ ഞങ്ങൾ ഓർക്കുന്നു. സ്വർഗ്ഗത്തിൽ മാലാഖമാരാൽ അലങ്കരിക്കപ്പെടുന്നവളും, ഭൂമിയിൽ ഭൗമീകരും ഇടവിടാതെ ദൈവമാതാവിനെ പുകഴ്ത്തിക്കൊണ്ടിരിക്കുന്നു. സുദീർഘമായ ദൈവീക പദ്ധതിയിലൂടെ പരിശുദ്ധ മറിയാമിന്റെ ജനനം, വി. യുവക്കിം മരുഭൂമിയിൽ പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ മാലാഖ പ്രത്യക്ഷപ്പെട്ട് ഇപ്രകാരം പറയുന്നു, ഹന്നാ ഗർഭം ധരിച്ച് ഒരു മകളെ പ്രസവിക്കും അവൾക്ക് മറിയം എന്ന് പേരിടണം.

മനുഷ്യൻ തന്റെ ഭാര്യ ഹവ്വാ എന്ന് പേരിട്ടു. അവൾ ജീവനുള്ളവർക്കെല്ലാം മാതാവാണ്. (ഉല്പത്തി 3:2) പക്ഷേ ഹവ്വാതന്നെ മനുഷ്യ മക്കളിലേക്ക് മരണം കൊണ്ടുവന്നു. ഒന്നാമത്തെ ഹവ്വ മനുഷ്യകുലത്തെ മുഴുവനും പാപത്തിൽ തള്ളിയിട്ടു. എന്നാൽ രണ്ടാമത്തെ ഹവ്വയാകുന്ന കന്യക മറിയം അനുസരണത്തോടു കൂടെ ഭൗമീക ജീവിതം നയിച്ച് തന്റെ മാംസരക്തങ്ങളിൽ നിന്ന് ഒരു വീണ്ടെടുപ്പുകാരനെ നൽകി. അങ്ങനെ മനുഷ്യകുലത്തിന് രക്ഷ ഉണ്ടായി.

തന്റെ മുമ്പിൽ നിൽക്കുന്ന ഈ കന്യക ദൈവത്തിന് തിരഞ്ഞെടുക്കപ്പെട്ടവളാകുന്നു എന്ന് മാലാഖ മനസ്സിലാക്കുന്നു. കന്യക മറിയാം സകല വിശുദ്ധന്മാർക്കും മുകളിൽ തന്നെ എന്ന് ഗബ്രിയേൽ മാലാഖ മനസ്സിലാക്കുന്നു. അതുകൊണ്ടാണ് മാലാഖ കൈകൂപ്പി വന്ദനം ചെയ്തത്.



# പരിശുദ്ധ അമ്മേ പ്രാർത്ഥിച്ചാലും.

സിസ്റ്റർ. ലൂദിയ

ദൈവത്തിൻ ജനനി കന്യേ ധന്യേ ഭാഗ്യവതി
നിൻ ചരിതം ചൊല്ലാനായി നാവുകൾ എന്തുള്ളു
ഈരേഴുലകും നിന്നെ നമിക്കുന്നു
ഈ ഏഴകളും കൂപ്പി നമിക്കുന്നു
താതൻ തൻ ഹിതമതു ചെയ്‌വാൻ താഴ്മപ്പെട്ടവളെ
സുതനായി ജീവിതമർപ്പിച്ചോരമ്മേ ഞങ്ങൾക്കായ്
സൂനുവിനോടായി പ്രാർത്ഥിച്ചീടണമേ

സ്നേഹത്തിൻ നിറകുടമല്ലേ നിത്യ വിശുദ്ധേ
സ്വാന്തന മേങ്ങൾക്കേകീടാൻ ത്യാഗമതേറ്റോളെ
സഹനത്തിൻ രാജ്ഞി വിനയത്തിൻ പ്രാവേ
കാരുണ്യക്കടലേ കനിവിൻ കേദാരമേ
സഹനം വിനയം സ്നേഹമതും ഞങ്ങളിൽ നിറഞ്ഞീടാൻ
മഹിമ നിറഞ്ഞൊരു പുത്രങ്കൽ പ്രാർത്ഥിച്ചീടണമേ

അമ്മേ നിൻ ഓർമ്മ എന്നാളും കോട്ട
നിർമ്മല കന്യേ നിൻ വിനയം താതൻ അറിഞ്ഞു
സ്നേഹമിറങ്ങി കുടികൊ-ണ്ടു കാലത്തികവിങ്കൽ
വചനം കേട്ടൊരു കാതുകൾ ധന്യം
ഉദരം ശുദ്ധം പരിശുദ്ധാത്മാവാൽ
സ്ത്രീയുടെ സന്തതി സാത്താൻ തൻ തലയെ മെതിച്ചു
നിർമ്മലയാമീ സ്ത്രീ തന്നെ സൂര്യനെ അണിയുന്നു.
ദൈവത്തിൻ അമ്മേ പ്രാർത്ഥിക്കേങ്ങൾക്കായ്

പ്രവചനമത് നിറപടിയായി കന്യകതന്നിൽ
ജാതം ചെയ്തിടുമവളിൽ താൻ ദൈവത്തിൻ സൂനു
അത്ഭുത മന്ത്രി വീരൻ താൻ ദൈവം
ശാന്തിതൻ നാഥൻ നിത്യനാം പുത്രൻ
മാനവജന്മം വീക്ഷിപ്പോൻ രക്ഷാകരനീശോ
ഇമ്മാനുവേൽ പുകഴാർന്നോൻ വന്നുവസിച്ചാൻ
അമ്മേ നാഥേ, പ്രാർത്ഥിക്കേങ്ങൾക്കായ്

കലവറ തന്നിൽ വീഞ്ഞില്ല ദുഃഖം നിഴലിട്ടു
അമ്മ അണഞ്ഞാ സുതൻ പക്കൽ സങ്കടമോതി
എന്തെ സ്ത്രീയെ സമയമതായില്ല
മൗനം ദീക്ഷിച്ചാളമ്മ തിരിഞ്ഞു
മന്ത്രിച്ചാനത് ശുശ്രൂഷകരോടായി ചൊല്ലുന്നത് ചെയ്ക
നിരനിരയായ് കല്പാത്രങ്ങൾ ആറുണ്ടവിടെ
വീഞ്ഞ് നുരഞ്ഞു പാത്രത്തിൽ കവിഞ്ഞു

ചൊന്നതു ചെയ്‌വാൻ കല്പിച്ചാൾ കന്യകമാതാ
സുവിശേഷത്തിൻ വചനമതായ് കരുതീടേണം
ഈശൻ ചൊന്നാൻ സ്നേഹിച്ചീടേണം
തമ്മിൽ തമ്മിൽ എൻ പ്രിയമുള്ളോരേ
രോഗികൾ ദുഃഖിതർ പീഢിതരും പാപികൾ അഗതികളും
നിൻസ്നേഹക്കടലിൽ മുങ്ങി പാവനരായീടാൻ
കന്യകമാതേ പ്രാർത്ഥിച്ചീടണമേ

കാൽവറി മലയുടെ മുകളിൽ നിൻ സഹനത്തിൻ ദൗത്യം
ഏതു ശിലാഹൃദയത്തെയും മെഴുകായ് ഉരുക്കി
ക്രൂശിൻ ചുവട്ടിൽ ചുടുകണ്ണീർതൂകി
താത-ങ്കൽ കേണു ദൈത്യം നിറവേറാൻ
മാനവ കുലമതു, പാപത്തിൻ പടുകുഴിയീന്നും
അരികിലണയ്ക്കാൻ ഹിതമായോൻ ബലിയായിത്തീർന്നു
പ്രിയ മാതാവേ പ്രാർത്ഥിക്കടിയാർക്കായ്

തിരുമകനേറ്റൊരു പീഢയതാൽ നെഞ്ചുപിളർന്നു
കുരിശിൽ കഷ്ടതയേറ്റപ്പോൾ രോദനമേറുകയായ്
ശീമോൻ ചൊന്നോരാം വാളാഴത്തിൽ
കുത്തിമുറിച്ചു മുറിവുകളായിരമായ്
നഗ്നതായാർന്ന കുരിശിന്മേൽ പിടയും മകനെ
കണ്ടുസഹിപ്പാൻ കഴിയാതെ മുറവിളി കൂട്ടിയോരമ്മേ
പ്രാർത്ഥിച്ചാലും പാപികളെങ്ങൾക്കായ്

മന്നാവച്ചൊരു പൊൻപാത്രം നീയാണമ്മേ
ദേവാലയമറയും നീ വചനത്തിൻ പേടകവും
ഹസ്ക്കിയേൽ കണ്ട പൂട്ടപ്പെട്ടൊരു വാതിൽ
ക്രോബേന്മാർ ചൂളും തേരും നീ തന്നെ
അഗ്നിയിലുരുകാത്തൊരു മുള്ളും ഉജ്ജ്വല ശോഭയതും
ആദാമിൻ പാപം തീർക്കാൻ കാരണമായോളെ
പ്രാർത്ഥിച്ചാലും പാപികളടിയാർക്കായ്

അഗതികളടിയാർക്കാശ്വാസം നീയാണമ്മേ
മുട്ടിവിളിപ്പോർക്കാശ്രയവും നീ തന്നെ തായേ
നിൻ പദതാരിൽ തൊഴുകൈയോടെ
നിന്നീടുന്നു അമ്മേ നിൻ മക്കൾ
കരുണ നിറഞ്ഞൊരു പുത്രങ്കൽ പ്രാർത്ഥിച്ചീടേണം
അരുമയോടാ താതന്നരികിൽ ഞങ്ങളെയും ചേർക്കാൻ
കനിവാർന്നോളെ നിൻ പുകഴെന്നെന്നും

സഭയും സുതരും നിൻ മുമ്പിൽ താണു വണങ്ങുന്നു
സഭയിൽ ശാന്തിയതേകീടാൻ മാദ്ധ്യസ്ഥം ചെയ്ക
ഭിന്നതയെല്ലാം നീങ്ങിപ്പോയീടാൻ
സ്നേഹത്തിൻ പാതേ മുന്നേറീടാൻ
വൈരാഗ്യത്തിൻ വേരുകളെ മുറ്റും നീക്കി
മാനവരെല്ലാം ഒന്നായി സ്നേഹത്തിൽ വാഴാൻ
കനിവുള്ളോരമ്മേ പ്രാർത്ഥിച്ചീടണമേ.



# സ്ത്രീ പുരുഷ മനഃശാസ്ത്രം.

ഫാ. അലക്സാണ്ടർ വട്ടയ്ക്കാട്.

മനുഷ്യൻ ശരീരം, ആത്മാവ്, മനസ്സ് എന്നീ മൂന്നു ഘടകങ്ങളുടെ സമഞ്ജസമായ ഒരു സമ്മേളനമാണ്. ശരീരത്തിന്റെ ആരോഗ്യകരമായ വളർച്ചയെക്കുറിച്ച് ബദ്ധശ്രദ്ധരാകുന്നതുപോലെ, മനസ്സിന്റെയും ആത്മാവിന്റെയും വളർച്ചയ്ക്ക് വേണ്ടത്ര പ്രാധാന്യം കൊടുക്കണം. ഒരു വ്യക്തിയുടെ മാനസ്സികവും, ആത്മീയവുമായ വളർച്ചയാണ് അയാളുടെ വ്യക്തിത്വത്തിന് ആധാരം. വ്യക്തിയെ ആണും പെണ്ണുമായി ദൈവം സൃഷ്ടിച്ചു. ദൈവത്തിന്റെ സാദൃശ്യത്തിൽ സൃഷ്ടിച്ചു, (ഉല്പത്തി 1:27). ജീവശാസ്ത്രപരമായും, മനശാസ്ത്രപരമായും, സാമ്പത്തികപരമായും ഉള്ള ഇഴുകിചേരലിൽ ആണ് കുടുംബബന്ധങ്ങൾ ശക്തമാകുന്നത്. രണ്ടു വ്യക്തികൾ തമ്മിൽ ഇടപെടുമ്പോൾ അവരുടെ വ്യക്തിത്വങ്ങൾ കുറേശ്ശെയായി പങ്കുവയ്ക്കുന്നു. ആ ഇടപെടൽ സൗഹൃദമായി വളരുന്നു. എന്റെ വ്യക്തിത്വത്തിന്റെ അംശം എന്റെ സുഹൃത്തിൽ ഉള്ളതു കൊണ്ടാണ് സുഹൃത്തിന്റെ സാന്നിധ്യം എന്നെ സന്തോഷവാനാക്കുന്നത്. മനസ്സിന്റെ തുറവിയെ തന്നെയാണ് സൗഹൃദത്തിന്റെ അടിസ്ഥാനമായി ഫ്രഞ്ച് തത്വചിന്തകനായ ഗബ്രിയേൽ മാഴ്സിൽ വെളിപ്പെടുത്തുന്നത്. യാദൃശ്ചികമായി കണ്ടെത്തിയ ആളിൽ എന്തൊക്കെയോ പ്രത്യേകതകൾ ദർശിക്കുകയും ആ പ്രത്യേകത മനസ്സിൽ }ചലനങ്ങൾ സൃഷ്ടിക്കുകയും, ആ ബന്ധം സൗഹൃദത്തിലേക്കെത്തുകയും ചെയ്യാറുണ്ട്.

പുരുഷനും,സ്ത്രീയും, സൗഹൃദം വർദ്ധിപ്പിച്ച് സന്തോഷമുള്ള കുടുംബത്തിന്റെ ഭർത്താവും, ഭാര്യയുമായി തീർന്നെങ്കിൽ മാത്രമേ Functional Family അഥവാ പ്രവർത്തിക്കുന്ന കുടുംബം എന്ന് വിളിക്കുവാൻ സാധിക്കുകയുള്ളു. സ്ത്രീ പരുഷ മനശാസ്ത്രം അതിൽ വളരെ പ്രാധാന്യം ഉള്ള ഒരു ഘടകമാണ്. സ്ത്രീയുടെയും പുരുഷന്റെയും മന:ശാസ്ത്രം വിഭിന്നധ്രുവങ്ങളിലാണ്. ഒന്നു വലത്തോട്ടാണെങ്കിൽ ഒന്നു ഇടത്തോട്ടാണ്. യോജിപ്പിനുള്ള സാധ്യതകൾ തുലോം കുറവായി പലപ്പോഴും തോന്നാം. അതുകൊണ്ട് തന്നെ Applicable അഥവാ Adaptable level ൽ എത്തിയെങ്കിൽ മാത്രമേ ദാമ്പത്യ ജീവിതം വിജയത്തിൽ എത്തുകയുള്ളു. ഏതാനും ചില സ്ത്രീ പുരുഷ മനശാസ്ത്രങ്ങൾ ചുവടെ ചേർക്കുന്നു.

1. സ്ത്രീ വിവരണാത്മകത ഇഷ്ടപ്പെടുന്നു. പുരുഷൻ ഒറ്റവാക്കിൽ ഉത്തരം പറയുന്നു. വിവരിച്ചു കാര്യങ്ങൾ പറയുവാനും കേൾക്കുവാനും സ്ത്രീ ആഗ്രഹിക്കുമ്പോൾ, കുറച്ചു മാത്രം സംസാരിക്കുന്ന പ്രകൃതം പുരുഷൻ ഇഷ്ടപ്പെടുന്നു. മണിക്കൂറോളം സംസരിച്ചിരിക്കുന്ന സ്ത്രീയിൽ ക്ഷീണം വർദ്ധിക്കാതെ ഉന്മേഷം വർദ്ധിക്കുകയാണ് ചെയ്യുന്നത്. മസ്തിഷ്ക്കത്തിലെ ഏറ്റവും വലിയ ഭാഗമായ സെറിബ്രെല്ലത്തിന്റെ ഇടത് വലത് അർദ്ധഗോളങ്ങൾ തമ്മിൽ ബന്ധിച്ചിരിക്കുന്ന നാഡീപാളിയാണ് കോർപ്പസ് കലോസം. (Corpus Calosam) സ്ത്രീകൾക്ക് കോർപ്പസ് കലോസത്തിൽ 30% നാഡികൾ കൂടുതൽ ഉണ്ടെന്നു മാത്രമല്ല ഈസ്ട്രജൻ (Oesrogen) എന്ന സ്ത്രീ ഹോർമോൺ കോർപ്പസ് കലോസത്തിലെ ബന്ധങ്ങളുടെ വളർച്ചയ്ക്ക് സഹായിക്കുകയും ചെയ്യുന്നു.(റെജി ജേക്കബ്, നിറം മങ്ങാത്ത ദാമ്പത്യം). പുരുഷൻ ആഗ്യം, ശബ്ദം ഇവയെല്ലാം കൂടി 7000 വാക്കുകൾ ആശയവിനിമയത്തിനായി ഉപയോഗിക്കുമ്പോൾ സ്ത്രീ ശരാശരി 20000 വാക്കുകൾ ഉപയോഗിക്കുന്നു. കൂടുതൽ സംസാരിക്കുന്ന ഭാര്യ ശല്യമാണെന്ന് ഭർത്താവിനും, കുറച്ച് സംസാരിക്കുന്ന ഭർത്താവ് ഭാര്യയ്ക്കും ശല്യമാണെന്ന് തോന്നാതെ ദൈവവരമെന്ന കാഴ്ചപ്പാടോടെ, ദാമ്പത്യ ബന്ധം മെച്ചപ്പെടുത്തണം.

2. പരുഷൻ ക്ഷിപ്രപ്രകൃതവും, സ്ത്രീ സംയമന പ്രകൃതവും ആണ്. അതുകൊണ്ട് തന്നെ ക്ഷിപ്രകോപവും, ക്ഷിപ്രപ്രസാദവും പുരുഷനിലുണ്ട്. സ്ത്രീ പെട്ടെന്ന് കോപിക്കാറില്ല. കോപം വന്നാൽ പിന്നെ പോകാറില്ല. സഹനം ഉള്ള സ്ത്രീ ഒന്നും മറക്കുന്നില്ല. സഹനം ഇല്ലാത്ത പുരുഷൻ പെട്ടെന്ന് തന്നെ പലതും മറന്നു പോകാറുണ്ട്. ഭാര്യയോട് രാവിലെ ദേഷ്യപ്പെടുന്ന ഭർത്താവിൽ പെട്ടെന്ന് തന്നെ അത് മാറിപ്പോകുകയും ക്ഷിപ്രപ്രസാദത്തിലേക്ക് എത്തിച്ചേരാനുള്ള സാധ്യത വളരെ കൂടുതൽ ആകുകയും ചെയ്യുന്നു. സ്ത്രീ ഒന്നും മറക്കുന്നില്ല. എത്ര വർഷങ്ങൾ വേണമെങ്കിലും മനസ്സിനെ വേദനിപ്പിച്ച സംഭവങ്ങൾ കാത്ത്സൂക്ഷിച്ച് സഹനമുള്ളവളായ സ്ത്രീ മറക്കാതെ സൂക്ഷിക്കുന്നു.

3. പുരുഷൻ സാമൂഹികമായി ചിന്തിക്കുമ്പോൾ സ്ത്രീ വ്യക്തിപരമായി ചിന്തിക്കുന്നു. സമൂഹത്തിൽ എല്ലാവരും ഇഷ്ടപ്പെടണമെന്നാണ് പുരുഷന്റെ ചിന്തയെങ്കിൽ, എന്റെ വീട്, എന്റെ ഭർത്താവ്, എന്റെ മക്കൾ എന്ന സ്ത്രീ കാഴ്ചപ്പാട് വ്യക്തിപരമായ തലത്തിൽ മാത്രം ഒതുങ്ങുന്നു.

4. സ്ത്രീ പാരമ്പര്യവാദിയും പുരുഷൻ പുരോഗമന വാദിയുമാണ്. പാരമ്പര്യം എന്നത്കൊണ്ട് ഉദ്ദേശിക്കുന്നത് സഭാ പാരമ്പര്യത്തെ അല്ല. വേണ്ടാത്ത അന്ധവിശ്വാസങ്ങൾ മനസ്സിൽ പതിഞ്ഞ് വല്ലാത്ത ഭയത്തിൽ ആകുന്നവരാണ് സ്ത്രീകൾ. ഭയപ്പെടുത്തുന്ന ചിന്തകൾ സമൂഹത്തിൽ പ്രചരിപ്പിക്കുന്നു. സൃഷ്ടിപരമായി മനുഷ്യനെ ഉദ്ദീപിക്കാത്ത കഥകൾ സൃഷ്ടിച്ച് കുഞ്ഞു മനസ്സുകളിൽപോലും അകാരണ ഭയങ്ങൾ സൃഷ്ടി-ക്കുന്നു. യഥാർത്ഥ ഭക്തി ഭയത്തെ ഇല്ലാതാക്കുമെന്ന് തിരുവചനം പറയുമ്പോൾ ഭയം ജനിപ്പിക്കുന്ന പരമ്പരാഗതവും എന്നാൽ സത്യവുമായി ബന്ധമില്ലാത്തതുമായ പലതും സ്ത്രീ വിശ്വസിക്കുന്നു. എന്തെങ്കിലും ഒന്ന് ദോഷമാണെന്ന് കേട്ടാൽ ആകുലപ്പെടുന്നത് പലപ്പോഴും സ്ത്രീകൾ ആയിരിക്കും. ഒട്ടും ഭയമില്ലാത്ത പുരുഷന്റെ പുരോഗമനവാദവും അപകടമാണ്. ആരാധനയിൽ അധികസമയം ശാന്തതയോടെ നിൽക്കുവാൻ പുരുഷനു സാധിക്കുന്നില്ല. എന്നാൽ ദൈവാലയത്തിന്റെ ഭൗതീക വളർച്ചയ്ക്ക് കഠിനാധ്വാനം ചെയ്യാൻ പുരുഷൻ സദാ സന്നദ്ധനാണ്. "ചാവേർ" സംസ്ക്കാരം പുരുഷനിലുണ്ടാവാം. എന്നാൽ യഥാർത്ഥ ഭക്തി വൈരാഗ്യം മനസ്സിൽ വരുന്നില്ല. അതുകൊണ്ടുതന്നെ ആരാധനയുടെ ഗൗരവം നഷ്ടപ്പെടുന്ന പലതും പുരുഷനിലുണ്ടാവാം. 3000 വർഷങ്ങൾ കൊണ്ട് 5000 യുദ്ധങ്ങളുടെ കഥ പറയാൻ കഴിയുന്ന ദുരയും

ഹിംസയും അക്രമവുമൊക്കെ പുരുഷശക്തി സമ്മാനിക്കാറുണ്ട്. പുരുഷനിലുണ്ടാവുന്ന യഥാർത്ഥ വികാരങ്ങൾ പുറത്തു കാണിക്കാതെ പുരോഗമന വാദിയാകുവാൻ ശ്രമിക്കുന്നുവോ എന്നും സംശയിക്കേണ്ടതുണ്ട്.

5. സ്ത്രീ സ്നേഹം പ്രകടിപ്പിക്കുന്നു. പുരുഷൻ സ്നേഹം പ്രകടിപ്പിക്കാതെ ഉള്ളിൽ വച്ചിരിക്കുന്നു. പ്രകടിപ്പിക്കാത്ത സ്നേഹം തിരിച്ചറിയാതെ ഭർത്താവിനെ ഉപേക്ഷിക്കുന്ന ഭാര്യയേയും, ഭർത്താവിനെ കുറ്റപ്പെടുത്തി നരക തുല്യമായ ജീവിതം നയിക്കുന്നവരേയും നമ്മുടെ ചുറ്റുപാടുകളിൽ കണ്ടെത്താം. യുക്തിക്കു മനസ്സിലാക്കാൻ സാധിക്കാത്ത ഹൃദയത്തിന്റെ ഭാഷയിലുള്ള സഹജാവബോധമാണ് സ്ത്രീ ഗർഭ പാത്രത്തിൽ ഒരു ജീവനെ കാത്തു പരിപാലിക്കുമ്പോഴുണ്ടാകുന്നത്. കരുതൽ എന്ന ഘട്ടത്തിന്റെ സന്തതസഹചാരികളായി സ്നേഹം, ദയ, കാത്തിരുപ്പ്, ക്ഷമ, ആനന്ദം എന്നിവ സ്ത്രീ മനശാസ്ത്രത്തിലെ സ്നേഹപ്രകടനത്തിൽ കാണാം. അമ്മയെപ്പോലെ നമുക്കുള്ളോരു രക്ഷകൻ എന്ന് ദൈവത്തെക്കുറിച്ച് ഓർമ്മിക്കുന്നതും ശ്രദ്ധേയമാണ്. ഉള്ളിലുള്ള സ്നേഹം പുറം ലോകത്തെ അറിയിക്കാതെ രൗദ്ര ഭാവങ്ങളിലേക്ക് പോകുന്ന പുരുഷ മനശാസ്ത്രത്തിൽ അപകടങ്ങൾ പതിയിരിക്കുന്നുണ്ട്. ആന്തരീക ശക്തിയില്ലാതെ പുറം ലോകത്തെ ഭയപ്പെടുത്തുന്ന പുരുഷൻ ഉള്ളിൽ ഒന്നും സഹിക്കാനുള്ള ശക്തിയില്ലാത്തവനാകുന്നു.

6. സ്ത്രീ ചെറിയ കാര്യങ്ങൾപോലും ശ്രദ്ധിക്കുന്നു. പുരുഷൻ വലിയ കാര്യങ്ങൾ മാത്രമേ ശ്രദ്ധിക്കാറുള്ളൂ. രണ്ടിലും അതിൽ തന്നെ ഗുണവും ദോഷവും ഉണ്ട്. വലിയ കാര്യങ്ങൾ മാത്രം ശ്രദ്ധിച്ചാലും ജീവിതം വിജയമാകുന്നില്ല. ചെറിയ കാര്യങ്ങൾ മാത്രം ശ്രദ്ധി-ക്കുന്നതിലും വിജയമാകുന്നില്ല. രണ്ടിനേയും ഒരുപോലെ യോജിപ്പിച്ച് കൊണ്ട് പോകണം.

7. സ്ത്രീ പ്രശ്നങ്ങൾ വന്നാൽ പങ്കുവയ്ക്കുന്നു. പുരുഷൻ പങ്കുവയ്ക്കുവാൻ മടികാണിച്ച് ഒറ്റയ്ക്കിരിക്കുന്നു. പുരുഷൻ ഒരു പ്രശ്നത്തിലാകുമ്പോൾ മുഖം മനസ്സിന്റെ കണ്ണാടി ആയതിനാൽ മുഖത്തു നോക്കിയാൽ ഭാര്യയ്ക്ക് മനസ്സിലാകും. എന്തുപറ്റി എന്ന് അവൾ ചോദിച്ചാൽ, ഓ ഒന്നുമില്ല എന്നായിരിക്കും കൂടുതൽ പുരുഷന്റേയും മറുപടി. ചോദ്യവും ഉത്തരവും ലളിതമാണെങ്കിലും ഭാര്യയ്ക്ക് അറിയുവാനുള്ള തിടുക്കത്തിൽ വീണ്ടും ചോദിക്കും. പറയാൻ ആഗ്രഹിക്കാത്ത കാര്യം പുരുഷൻ പറയുകയില്ല. കാരണം ഇത് പരിഹരിക്കാൻ ഉള്ള കഴിവ് എനിക്കുണ്ട് എന്ന തോന്നലാണ്. അതുകൊണ്ടൊരു ശാന്തത പുരുഷൻ ആഗ്രഹിക്കുന്നു. എന്നാൽ പുരുഷനോട് വീണ്ടും വീണ്ടും ചോദിച്ച് അവനെ കോപിഷ്ഠനാക്കും. സംഭാഷണ വിത്യാസങ്ങൾ തിരിച്ചറിഞ്ഞ്, പോലീസ് മുറയിൽ ചോദ്യങ്ങൾ ചോദിക്കാതിരിക്കുകയാണ് ഉത്തമഭാര്യയുടെ ലക്ഷണം. എന്നാൽ പലപ്പോഴും അതിൽ നിന്നും വ്യത്യസ്തരായി വികാരഭരിതരാകുന്ന സ്ത്രീകളെ നാം കാണുന്നു. ശാന്തവും വികാരഭരിതവുമല്ലാത്ത ഐക്യം ഉണ്ടാകണമെന്നാണ് വിവാഹ കൂദാശയിൽ പ്രാർത്ഥിക്കുന്നത്. സ്ത്രീ, പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ ഏറ്റവും പ്രിയപ്പെട്ട ആളിനോട് പറയുവാൻ ആഗ്രഹിക്കുന്നു. ഭാര്യയ്ക്കു ഭർത്താവ് ആയിരിക്കും ഏറ്റവും പ്രിയപ്പെട്ട വ്യക്തി. അവൾ പറയുന്നത് കേൾക്കാനുള്ള സഹനം ഭർത്താവിനുണ്ടാവണം. പുരുഷൻമാരിൽ ചിലർ ഒന്നും കേൾക്കാതെ അടിച്ചമർത്തും. ചിലർ ഭാഗീക ശ്രവണം നടത്തും. ചിലർ കേട്ടിട്ട് അവരുടെ പ്രശ്നങ്ങളുമായി താരതമ്യം നടത്തി നോക്കും. വളരെ ചുരുക്കം പേർ മാത്രം ഭാര്യയുടെ പ്രശ്നങ്ങളെ നന്നായി കേൾക്കും. ആദ്യത്തെ മൂന്ന് രീതികളും അപകടമാണ്. അടപ്പുകളെ ഭേദിച്ച് തിളച്ചു മറിയുന്ന കഞ്ഞിക്കലത്തിന്റെ അവസ്ഥയാണ് സ്ത്രീ മനസ്സ്. ചെറിയ പ്രശ്നങ്ങൾ പോലും അവളുടെ മനസ്സിനെ പിടിച്ച് കുലുക്കും. ഇതാണോടീ ഇത്ര വലിയ കാര്യമെന്ന് പറഞ്ഞു തുശ്ചീകരിച്ചാൽ അവൾക്ക് തോന്നുന്നത്, ഇയാളോട് പറഞ്ഞിട്ട് ഒരു കാര്യവുമില്ല എന്നാണ്. പിന്നെ അയാളോട് പറയാൻ സാധ്യതയുമില്ല. എന്നാൽ അവൾക്കാരോടേലും തുറന്നു പറഞ്ഞേ പറ്റൂ. ഏതെങ്കിലും സാഹചര്യത്തിൽ ആരെങ്കിലും അതിനവസരം കൊടുത്താൽ ആ ആളിനോട് മാനസ്സീക അടുപ്പം ഉണ്ടാകാം. കാല ക്രമത്തിൽ അയാളുടെ കൂടെ ഒളിച്ചോടുന്ന ഒരു മതിഭ്രമത്തി (Infactuation) ലേക്കും എത്തിച്ചേരാം. അതുകൊണ്ട് എല്ലാം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്ന, സ്ത്രീ മനശാസ്ത്രം തിരിച്ചറിഞ്ഞ് അവളുടെ കണ്ണിലൂടെ അവളുടെ വിഷയത്തെ കാണാൻ ശ്രമിക്കണം. പുരുഷനു സഹനം കുറവാണെന്ന് സ്ത്രീ തിരിച്ചറിയുന്നതും നല്ലതായിരിക്കും.

